**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4234** **28-10-2021 - ൽ മറുപടിയ്ക്ക്**

**മലപ്പുറം ജില്ലയിലെ പ്രവാസികളെ സംരംഭകരാക്കുവാനുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . പി . ഉബൈദുള്ള | | **Shri. P. Rajeeve**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | പ്രവാസികളെ സംരംഭകരാക്കി പ്രത്യേക വ്യവസായ പദ്ധതികൾ ആരംഭിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; ഇതിനായി കർമ്മ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (എ) | പ്രവാസികളെ സംരംഭകരാക്കാൻ പ്രത്യേക കർമ്മ പദ്ധതികൾ വ്യവസായ വകുപ്പ് മുഖേന ആവിഷ്കരിച്ചിട്ടില്ലെങ്കിലും തൊഴിൽ രഹിതരായ പ്രവാസികൾക്ക് കൂടി സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ മേഖലയിൽ തൊഴിൽ സാധ്യത ഉറപ്പ് വരുത്തുന്നതിനായി സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിയ പദ്ധതിയാണ് വ്യവസായ ഭദ്രത പദ്ധതി. പ്രസ്തുത പദ്ധതിയിൽ നാട്ടിൽ തിരിച്ചെത്തിയ പ്രവാസികൾക്കും പ്രത്യേക പ്രാധാന്യം നൽകി ഇളവ് പ്രഖ്യാപിച്ചിട്ടുണ്ട്. നിലവിലുള്ള സംരംഭക സഹായ പദ്ധതി ഉദാരവൽക്കരിക്കുന്നതിന്റെ ഭാഗമായി പദ്ധതിയുടെ മാർഗ്ഗരേഖ GO(MS) No.103/2020/ID dated 24/11/2020 ഉത്തരവ് പ്രകാരം ഭേദഗതി ചെയ്ത് നടപ്പിലാക്കി വരുന്നു. ഇതിൻപ്രകാരം SC/ST, വനിതകൾ, യുവാക്കൾ എന്നിവർ ആരംഭിക്കുന്ന MSME യൂണിറ്റുകൾക്ക് നിലവിൽ നൽകിവരുന്ന 20% സബ്സിഡി 25% ആയി വർദ്ധിപ്പിച്ചു, ഈ പ്രത്യേക വിഭാഗത്തിലേക്ക് പ്രവാസികൾ ആരംഭിക്കുന്ന MSME യൂണിറ്റുകളെ കൂടി ഉൾപ്പെടുത്തി ആനുകൂല്യം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. 2021-ൽ പ്രഖ്യാപിച്ച കോവിഡ് -19 സമാശ്വാസ പദ്ധതി പാക്കേജ് അനുസരിച്ച് ജോലി നഷ്ടപ്പെട്ട് തിരിച്ചു വരുന്ന പ്രവാസികളെ സംരംഭകരാക്കി മാറ്റുവാൻ വേണ്ടി കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷനും നോർക്കയും ചേർന്ന് നടപ്പിലാക്കുന്ന പദ്ധതിയാണ് പ്രവാസി ഭദ്രതാ മെഗാ പദ്ധതി. തിരിച്ചെത്തിയ പ്രവാസികൾക്ക് രണ്ട് വർഷത്തെ വിദേശ തൊഴിൽ പരിചയം ഉണ്ടെന്ന് നോർക്കാ റൂട്ട്സ് സാക്ഷ്യപ്പെടുത്തിയാൽ ടി പദ്ധതിയുടെ ആനുകൂല്യം ലഭ്യമാകും. മടങ്ങിയെത്തുന്ന പ്രവാസികളുടെ സംരംഭക ശേഷിയും തൊഴിൽ വൈദഗ്ധ്യവും |

| | | | |
|---|---|---|---|
| | | | കണക്കിലെടുത്ത് നാട്ടിൽ സ്വയം തൊഴിൽ ആരംഭിക്കുന്നതിനുള്ള പദ്ധതിയാണ് നോർക്ക ഡിപ്പാർട്ട്മെന്റ് പ്രൊജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM). പ്രസ്തുത പദ്ധതിയിൻ കീഴിൽ കൃഷി, മത്സ്യബന്ധനം, മൃഗപരിപാലനം, വാണിജ്യം, ചെറുകിട വ്യവസായം, സർവീസ് മേഖല, നിർമ്മാണ മേഖല, എന്നിവ ഉൾപ്പടുത്തി ബാങ്കുകളിൽ നിന്നും വായ്പ നൽകി വരുന്നുണ്ട്. പുതിയ സംരംഭങ്ങൾ തുടങ്ങാനായി 30 ലക്ഷം രൂപ വരെയുള്ള ബാങ്ക് വായ്പകൾക്ക് 15% മൂലധന സബ്സിഡിയും ആദ്യം 4 വർഷത്തേക്ക് 3% പലിശ സബ്സിഡിയും ഈ പദ്ധതി മുഖേന ലഭിക്കുന്നു. സംരംഭകർക്ക് ആവശ്യമായ അടിസ്ഥാന പരിശീലനവും, പദ്ധതി രേഖകൾ തയ്യാറാക്കാനും വായ്പ ലഭ്യത ഉറപ്പാക്കാനുള്ള സഹായവും സെന്റർ ഫോർ മാനേജ്മെന്റ് ഡവലപ്പ്മെന്റ് വഴി ലഭ്യമാക്കുന്നുണ്ട്. |
| (ബി) | പ്രസ്തുത സംരംഭകരുടെ ആവശ്യങ്ങൾ നിറവേറ്റാൻ ഓൺലൈൻ സൗകര്യങ്ങൾ ഏർപ്പെടുത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; | (ബി) | കോവിഡ് മൂലം മടങ്ങിയെത്തുന്ന പ്രവാസികളുടെ വിവരങ്ങൾ ശേഖരിക്കുന്നതിന് NRK Data Portal എന്ന സമ്പൂർണ വിവര ശേഖരണ പോർട്ടൽ തയ്യാറാക്കിയിട്ടുണ്ട്. www.industry.kerala.gov.in എന്ന വെബ്സൈറ്റിലൂടെ മടങ്ങിയെത്തുന്ന പ്രവാസികൾക്ക് അവരുടെ സംരംഭക വിവരങ്ങൾ ഈ പോർട്ടലിൽ സമർപ്പിക്കുവാനുള്ള സൗകര്യം സജ്ജമാക്കിയിട്ടുണ്ട്. ഇതുവഴി 2821 പ്രവാസികളുടെ വിവരങ്ങൾ ലഭ്യമായിട്ടുണ്ട്. പ്രവാസികളുടെ കൈവശമുള്ള ആസ്തികൾ, മൂലധനം, ആശയങ്ങൾ എന്നിവ മറ്റ് സംരംഭകരുമായി പങ്കുവെയ്ക്കുന്ന തിനുള്ള താത്പര്യവും ശേഖരി ച്ചിട്ടുണ്ട്. ഇത്തരത്തിൽ താത്പര്യം പ്രകടിപ്പിച്ചിട്ടുള്ള പ്രവാസികളെ ഇവരുമായി ചേർന്ന് പ്രവർത്തിക്കാ നാഗ്രഹിക്കുന്ന സംരംഭകരുമായി ജില്ലാ വ്യവസായ കേന്ദ്രങ്ങൾ മുഖേന ബന്ധപ്പെടുത്താവുന്നതാണ്. |
| (സി) | എങ്കിൽ ഏറ്റവും കൂടുതൽ പ്രവാസികളുള്ള മലപ്പുറം ജില്ലയിൽ പ്രത്യേക പദ്ധതികൾ ആരംഭിക്കുവാൻ നടപടികൾ സ്വീകരിക്കുമോ? | (സി) | മലപ്പുറം ജില്ലയ്ക്ക് മാത്രമായി പ്രത്യേക പദ്ധതികൾ നിലവിലില്ലെങ്കിലും പ്രവാസികളുൾപ്പെടെയുള്ള സംരംഭകർക്കായി നടപ്പിലാക്കി വരുന്ന വിവിധ പ്രോത്സാഹന നടപടികളും സാമ്പത്തിക സഹായ പദ്ധതികളും മലപ്പുറം ജില്ലയിലും നടപ്പിലാക്കി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ